

# ശംഖൊലി

# ഉള്ളടക്കം


സ്കൂൾ 1
FOUNDER OF MTDMHSS 2
ചരിത്രം,ഭൗതിക സൗകര്യങ്ങൾ 3
ചരിത്രപാതയിലെ സ്മരണകൾ 4
പുസ്തകാസ്വാദനം 6
കഥ (ആൻഡ്രിച്ച് ലുംമ്പുവിന്റെ സാഹസങ്ങൾ 7
കവിത മധുരവേദന 8

# എം ടി ഡി എം ഹയർ സെക്കന്ററി സ്കൂൾ



# മാലൂർ

കേരളം

കൊല്ലം

കൊട്ടാരക്കര

കുളക്കട

പട്ടാഴി വടക്കേക്കര

മാലൂർ

# FOUNDER OF MTDM HSS MALOOR



*THE LIFE OF HIS GRACE MARTHOMA DIONYSIUS IS A SOURCE OF INSPIRATIONFOR ALL OF US IN THE FAMILY OF MOUNT TABOR*




## ചരിത്രം, ഭൗതിക സൗകര്യങ്ങൾ



ശ്രീമതി .ബീനു മാത്യു

ഹെഡ്മിസ്ട്രസ് എം ടി ഡി എം എച്ച് എസ്സ് എസ്സ് മാലൂർ

മൗണ്ട് താബോർ അശ്രമ സഥാപകനായ മാർത്തോമ ദിവന്നാസിയോസ് തിരുമനസി നാമധേയത്തിലാണ് ഈ സ്കൂൾ 1982 ൽ സ്ഥാപിച്ചത്.അന്നത്തെ വിദ്യാഭ്യാസ മന്ത്രി മലയോര നിവാസികൾക്ക് ഹൈസ്കൂൾ പഠനത്തിന് മാർഗമൊന്നുമില്ലാതിരുന്ന കാലയളവിലാണ് 1982ൽ മണയറ കോളനിക്ക് സമിപം ഈ സ്കൂൾ സ്ഥാപിച്ചത്.ഇത് ആരംഭത്തിൽ 8,9,10 .ക്ലാസുകൾ മാത്രമുള്ള സ്കൂൾ ആയിരുന്നു.ഇതിന്റെപ്രഥമ ഹെഡ്മാസ്റ്റർ Sri. P Jacob Thomas സർ ആയിരുന്നു. വിദ്യാഭ്യാസ പരീഷക്കരണങ്ങൾ വന്നപ്പോൾ സമിപ പ്രദേശത്തെ സ്കൂളുകൾക്കും +2 സൗകര്യങ്ങൾ സർക്കാർ അനുവദിച്ച

5 ഏക്കർ ഭൂമിയിലാണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്. ഹൈസ്കൂളിന് 2 കെട്ടിടങ്ങളിലായി 11 ക്ലാസ് മുറികളും ഹയർ സെക്കണ്ടറിക്ക് ഒരു കെട്ടിടത്തിലായി 6 ക്ലാസ് മുറികളുമുണ്ട്. അതിവിശാലമായ ഒരു കളിസ്ഥലം വിദ്യാലയത്തിനുണ്ട്.

ഹൈസ്കൂളിനും ഹയർസെക്കണ്ടറിക്കും വെവ്വേറെ കമ്പ്യൂട്ടർ ലാബുകളുണ്ട്. രണ്ട് ലാബുകളിലുമായി ഏകദേശം അമ്പതോളം കമ്പ്യൂട്ടറുകളുണ്ട്. രണ്ട് ലാബുകളിലും ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാ

# ചരിത്ര പാതയിലെ സ്മരണകൾ



രഞ്ജു.പി. മാത്യു
കവയിത്രി,അദ്ധ്യാപിക
എം ടി ഡി എം എച്ച് എസ്സ് എസ്സ്

അക്ഷീണമായ ദൃശ്യ പ്രവർത്തനങ്ങൾ വഴി ഒരു ജനതയുടെ സ്വാസ്ഥ്യവും സമഗ്ര പുരോഗതിയും സ്വപ്നം കണ്ട മാർത്തോമ്മാ ദീവന്നാസ്യോസ് മെത്രാപോലീത്ത കേവലം ഒരു മത നേതാവായിരുന്നില്ല. കൂർമ്മ ബുദ്ധിയും ദൈവാശ്രയം നിശ്ചയദാർഢ്യവും അനിതരസാധാരണമായ ദർശന വിശേഷവും കൊണ്ട് പൂരിതം ആയിരുന്നു ആ മഹാപുരുഷൻ. ദാരിദ്ര്യം, അജ്ഞാനം ,രോഗങ്ങൾ, അവഗണന ,അശാന്തി, വലഞ്ഞിരുന്ന വരും മുതലായവയാൽ ഇടയനില്ലാത്ത ആട്ടുകളെപ്പോലെ ചിതറിക്കിടക്കുന്ന വരുമായ ഒരു കൂട്ടം ജനങ്ങളുടെ ദയനീയ സ്ഥിതിയാണ് അദ്ദേഹത്തിൻറെ ശുശ്രൂഷ പ്രജ്ഞയെ ഉണർത്തിയത്. ആത്മധൈര്യം, ബുദ്ധി വിശേഷം ,ദൈവാശ്രയം , പ്രാർത്ഥനാ ശക്തി എന്നിവയായിരുന്നു പത്തനാപുരത്തിന്റെ ചരിത്രം തിരുത്തിക്കുറിച്ച ഈ വിദ്യാഭ്യാസ വിചക്ഷണന്റെ കൈമുതൽ. വിദ്യാഭ്യാസ പ്രായോഗികതയുടെ പ്രാണേതാവായ അദ്ദേഹം ആധുനിക പത്തനാപുരത്തിന്റെ ശില്പിയായി മാറിയത് സുവർണ്ണ ലിപികളാൽ രചിക്കപ്പെട്ടിരിക്കുന്നു. ആത്മീക സാമൂഹിക മാനങ്ങളെ പറ്റി വ്യക്തമായ അവബോധം ഉണ്ടായിരുന്ന അദ്ദേഹം വിദ്യാഭ്യാസം ഒരു കച്ചവട ചരക്കായി കണ്ടിരുന്നില്ല .തികച്ചും പിന്നാക്ക അവസ്ഥയിലായിരുന്ന ഒരു പ്രദേശത്തിൻറെ ദ്രുതഗതിയിലുള്ള വളർച്ച വഴിയുള്ള നവോത്ഥാനം തൻറെ ആയുസ്സിൽ തന്നെ കൺകുളിർക്കെ കണ്ട് സ്വ പ്രയത്നങ്ങളുടെ വിളവെടുപ്പ് നടത്താനും ഈ മഹാ ആചാര്യന് ഭാഗ്യമുണ്ടായി. 1972ൽ കാലംചെയ്ത മാർത്തോമാ ദീവന്നാസ്യോസ് തിരുമനസ്സിന്റെ നിരന്തരമായ തപസ്യ യുടെയും ത്യാഗസുരഭിലമായ ജീവിതത്തെയും പരിണിതഫലമാണ് മൗണ്ട് താബോർ ദയറാ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പിറവി.

പത്തനാപുരം മൗണ്ട് താബോർ ദയറയുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ദയറാ സ്ഥാപകൻ പുണ്യശ്ലോകനായ അഭിവന്ദ്യ തോമ്മാ മാർ ദീവന്നാസ്യോസ് തിരുമേനിയുടെ നാമധേയത്തിൽ സ്ഥാപിതമായ മൂന്ന് സ്ഥാപനങ്ങളിൽ ഒന്നാണ് എം ടി ഡി എം ഹയർസെക്കൻഡറി സ്കൂൾ മാലൂർ.ആ പുണ്യ പിതാവിൻറെ ഭാവന സ്മരണയെ ആധുനികകാലത്തും

വാർത്തെടുക്കുന്നതിൽ എൻഎസ്എസ് ,സ്കൗട്ട് ആൻഡ് ഗൈഡ്സ്, ജെ ആർ സി സംഘടനകൾ ക്രിയാത്മകമായി പ്രവർത്തിക്കുന്നു. കരുതലിന്റെയും ചേർത്തുനിർത്തലിന്റെയും മധുരം ഈ മണ്ണിൽ പങ്കുവയ്ക്കപ്പെടുന്നു. വിവരസാങ്കേതിക വിദ്യ നിപുണകൾക്കായി ലിറ്റിൽ കൈറ്റ്സും പ്രവർത്തിച്ചുവരുന്നു. ഭൗതിക സാഹചര്യങ്ങളുടെ കാര്യത്തിൽ മറ്റ് സ്ഥാപനങ്ങളുമായി കിടപിടിക്കാൻ ആയിട്ടില്ല എങ്കിലും ഗുണമേന്മയുള്ള വിദ്യാഭ്യാസത്തിലൂടെ ഉത്തമ പൗരന്മാരെ വാർത്തെടുക്കുക എന്ന തപസ്യക്ക് വിട്ടുവീഴ്ച വരുത്തുവാൻ ഇന്നോളം ശ്രമിക്കുന്നില്ല എന്നതാണ് ഇന്നും പ്രതിസന്ധികളെ അതിജീവിക്കാൻ പ്രചോദനമാകുന്നത് .

30 അധ്യാപകരും ആറ് അനദ്ധ്യാപകരും ഇപ്പോൾ ഇവിടെ സേവനമനുഷ്ഠിക്കുന്നു . പ്രിൻസിപ്പൽ ഫാദർ .പി. ജെയിംസ് , ഹെഡ്മിസ്ട്രസ് ശ്രീമതി.ബിനു മാത്യു ഈ സ്കൂളിൻറെ സർവ്വതോന്മുഖമായ വളർച്ചയ്ക്ക് ഉത്തമ നേതൃത്വം നൽകി വിജയ ചരിത്രങ്ങൾ രചിക്കാൻ ആത്മാർത്ഥ സേവനം കാഴ്ചവയ്ക്കുന്നു.

വെല്ലുവിളികൾ ഏറെ നിറഞ്ഞ ഒരുകാലത്ത് പ്രാരംഭ ദശയുടെ എല്ലാ ബാലാരിഷ്ടതകളും ആവോളം അറിഞ്ഞ ഒരു ചരിത്രം അവിസ്മരണീയമായ ഏടാണ്. പ്രദേശത്തെ ഏക വിദ്യാകേന്ദ്രം എന്നതിനാൽ 13 ഡിവിഷനുകളിലായി പ്രവർത്തിച്ച സ്കൂളിലേക്ക് യാത്രാസൗകര്യങ്ങളുടെ അഭാവം മറികടന്ന് ബഹു യാത്രകളിലൂടെ വിദ്യാർഥികൾ എത്തിക്കൊണ്ടിരുന്നു .പിന്നീട് വാഹന സൗകര്യം, പുതിയതായി പ്രവർത്തനം ആരംഭിച്ച മറ്റു സ്കൂളുകൾ എത്തിയതോടെ ഡിവിഷനുകളുടെ എണ്ണം പത്തായും പിന്നീട് ആറ് എന്ന നിലയിലും എത്തി. 2014 സ്കൂൾ ഹയർസെക്കൻഡറി വിദ്യാലയമായി ഉയർത്തപ്പെട്ടു .ശ്രീമതി ആനി ഈപ്പൻ സ്തുത്യർഹമായ സേവനത്തിലൂടെ പ്രഥമ പ്രിൻസിപ്പൽ സ്ഥാനം മികവുറ്റതാക്കി .പട്ടാഴി വടക്കേക്കര പഞ്ചായത്തിലെ ഏക ഹയർസെക്കൻഡറി വിദ്യാലയമായ ഞങ്ങളുടെ സ്കൂൾ പരിമിതികൾക്കിടയിൽ വളർന്നുവരുന്നു !

2013ൽ ഹയർസെക്കൻഡറി ആയി ഉയർത്തപ്പെടാൻ ആവശ്യമായ ക്രമീകരണങ്ങൾ ചെയ്തത് അന്നത്തെ മാനേജരും ദയറാ സെക്രട്ടറിയുമായിരുന്ന വന്ദ്യ കെ .എ.

പട്ടാഴി വടക്കേക്കര പഞ്ചായത്ത് അധികൃതരും പ്രദേശവാസികളും പൂർവ്വ വിദ്യാർത്ഥികളും തോളോട് തോൾ ചേർന്ന് നിൽക്കുന്നു. ബഹുമുഖ പ്രതിഭകളായ ഒട്ടനവധി വിദ്യാർഥികൾ മാലൂർ എംടിഎം സ്കൂളിൻറെ ശബ്ദം സംസ്ഥാനതല മത്സരങ്ങളിൽ ഉയർത്തിയത് അഭിമാന നിമിഷം ആയി കാണുന്നു .കലാകായിക ശാസ്ത്ര ഗണിത മേഖലകളിൽ വിജയഭേരി മുഴവൻ നമ്മുടെ വിദ്യാലയത്തിന് സാധ്യമായി. 2012-13 വർഷത്തെ സംസ്ഥാന അധ്യാപക അവാർഡ് സംസ്കൃതം അദ്ധ്യാപികയായ ശ്രീമതി സിനി വി ജി യിലൂടെമാലൂരിലെത്തി.

2018 മുതൽ എസ്എസ്എൽസി പരീക്ഷയിൽ തുടർച്ചയായ നൂറുശതമാനം വിജയവും വിദ്യാലയത്തെ സംസ്ഥാനതലത്തിൽ മികച്ച വിദ്യാലയങ്ങളുടെ കൂട്ടത്തിൽ ചേർത്തുവച്ചിരിക്കുന്നു. നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പ് തുടർച്ചയായി നേടിക്കൊണ്ട് നമ്മുടെ വിദ്യാർഥികൾ സ്കൂളിനെ അഭിമാന കേന്ദ്രമായി മാറ്റിയിരിക്കുന്നു. പ്രഥമ പ്രഥമഅധ്യാപകൻ ശ്രീ ജേക്കബ് തോമസ്,ശ്രീ തോമസ് ഫിലിപ്പ്, എന്നീ അധ്യാപകരുടെ ഓർമ്മകൾക്ക് മുന്നിൽ സ്മരണാഞ്ജലി . ഏതൊരാളുടെയുംജീവിതത്തിലെ മനോഹരമായ കാലം വിദ്യാലയ കാലഘട്ടമാണ് . സ്വപ്നങ്ങൾ കാണുന്നതും സ്വപ്നങ്ങൾക്ക് ചിറക് വരുന്നതും സ്വഭാവരൂപീകരണം ഈ കാലഘട്ടത്തിലാണ് . അക്ഷര വെളിച്ചം പകർന്നുനൽകി മതേതര സംസ്കൃതിയുടെ മാനവിക ബോധം പഠിപ്പിക്കുന്നതിൽ സദാ ശ്രദ്ധ പുലർത്തുക എന്ന പാരമ്പര്യ പാത ഇവിടെ പിന്തുടരുന്നു .സാമൂഹ്യബോധം ഉയർത്തി ഉത്തമ പൗരന്മാരെ

റമ്പാനും ഈ സ്കൂളിൻറെ പ്രത്യേക ചുമതല നിർവഹിക്കുകയും ചെയ്തിരുന്നു. ഭൗതിക സാഹചര്യങ്ങളുടെ പുരോഗതിക്ക് അവർ നൽകിയ ശ്രദ്ധ കൃതജ്ഞതയോടെ സ്മരിക്കുന്നു. ഇപ്പോൾ വന്ദ്യ യൗനാൻ ശാമുവേൽ റമ്പാൻ മാനേജരായും ഫാദർ.ഫിലിപ്പ് മാത്യൂ ദയറാ സെക്രട്ടറിയായും മാനേജ്മെൻറ് ചുമതലയിൽ സ്കൂൾ പ്രയാണം തുടരുന്നു. അനുഭവങ്ങളുടെ കരിങ്കൽ ചൂളകളുടെ തീവ്രമായ പൊള്ളലുകൾ ഈ മണ്ണിൽ ആവാഹിച്ചിട്ടുണ്ട് . പൂർവ്വ പിതാക്കന്മാർ കഷ്ടപ്പാടുകളിലൂടെ തേരിലേറി കടന്നുപോയ വഴിത്താരകൾ വരുംതലമുറയ്ക്കായി അവർ കരുതിവെച്ച അക്ഷര ഖനികളുടെ ആഴവും പരപ്പും വിളിച്ചറിയിക്കുന്ന മൗണ്ട് താബോർ വിദ്യാഭ്യാസ സമുച്ചയങ്ങളുടെ ശിലകളിൽ ആലേഖനം ചെയ്തിരിക്കുന്നു.സ്ഥാപക പിതാവിന്റെയും മാലൂർ സ്കൂളിൻറെ സ്ഥാപകൻ വലിയ ബാവയുടെയും പാവന സ്മരണകൾക്ക് മുന്നിൽ നന്ദിപൂർവ്വം ശിരസു നമിക്കുന്നു.

********



## പുസ്തകാസ്വാദനം

ശ്രീലക്ഷ്മി എസ്സ്
10 A

എഴുതുന്ന വാക്കും വരികളും ജീവിതം എന്ന് തോന്നിപ്പിക്കും വിധമാണ് കെ ആർ മീരയുടെ ഓരോ എഴുത്തുകളും. ഇവിടെയും അതിനു മാറ്റമൊന്നുമില്ല. മീരയുടെ എഴുത്തുകളിലെ സ്ത്രീകൾക്ക് എല്ലാം വല്ലാത്തൊരു വന്യതയുണ്ട് പ്രണയം ബലവും ബലഹീനതവും ആക്കിയ മീരയുടെ സ്ത്രീകളിൽ തുളസി മാത്രം വേറിട്ടു നിന്നു. മാധവനോടുള്ള പ്രണയത്തിനു മുൻപിൽ മറ്റു സുഖങ്ങളും സന്തോഷങ്ങളും എല്ലാം മറന്നവർ അയാളുടെ ജീവിതത്തിലെ പതിനായിരത്തിയേട്ടിലെ ഒന്നുമാത്രമാണ് താൻ എന്നറിഞ്ഞപ്പോൾ തകർന്നു പോയവൾ.എട്ടുവർഷം നീണ്ടുനിന്ന ദാമ്പത്യംഅങ്ങനെയാണ് അവസാനിപ്പിച് മധുരയിലേക്ക് വരുന്നത്.എങ്കിലും അവൾ മാധവനെ പ്രണയിച്ചു പക്ഷേ മാപ്പ് കൊടുക്കാൻ അവൾ തയ്യാറായില്ല.

അഗതികളായ വിധവകൾ അവരാണത്രേ മീരാ സാധു. സത്യത്തിൽ അവൾ ഒരിക്കലും വിധവയായിരുന്നില്ല; മറിച്ച് അവളുടെ പകയാണ് വിധവ എന്ന അവസ്ഥയെ സ്വീകരിച്ചത്. നമ്മുടെ മനസ്സ് അമിതമായി എന്തെങ്കിലും ആഗ്രഹിച്ചാൽ നമ്മെ തേടി വരും എന്നത് കേട്ടിട്ടില്ലേ മീരയുടെ ആഗ്രഹങ്ങൾ വെറുതെയായില്ല മാധവൻ വരിക തന്നെ ചെയ്തു. അയാളെ കണ്ടയുടൻ തന്നെ അവളുടെ മനസ്സിൽ പകയുണർന്നു. അയാളുടെ ചോരയ്ക്കായി അവളുടെ നാവ് തരിച്ചു.അങ്ങേയറ്റം വൃത്തിഹീനമായ തെരുവിൽ, എല്ലും,തോലും മാത്രമായി മീരയെ കണ്ട ഞെട്ടിൽ മാധവൻ ബോധരഹിതനായി.

അവൾ മാധവനെ ആദ്യമായി കണ്ടനാൾ ഓർത്തു. ഐ ഐ ടി യിലെ മിടുക്കിയായ വിദ്യാർത്ഥിയായ തന്നെ ഓർത്തു. മാധവന്റെ പൊള്ളയായ വാക്കുകളിൽ വീണു ധീരനായ ഐജിയായിരുന്ന അച്ഛനെയും രോഗിയായ അമ്മയെയും സഹോദരിമാരെയും ഉപേക്ഷിച്ച് മാധവനോടൊപ്പം വിവാഹത്താലേന്ന് ഒളിച്ചോടി പക്ഷേ അത് തന്റെ ജീവിതത്തിലെ നിർണായക തീരുമാനമാണ് എന്ന് അവൾ അറിഞ്ഞു. വിവാഹ ശേഷവും മാധവൻ പരസ്ത്രീകൾക്കൊപ്പം പോയി. തുളസിയെ ഉപേക്ഷിച്ച് അയാൾ ഭാമയെ വിവാഹം ചെയ്തു. അങ്ങനെ മാധവനുമായുള്ള വിവാഹമോചന പത്രത്തിൽ ഒപ്പിട്ട് ഒരു രാത്രി അയാളോടൊപ്പം രമിച്പിറ്റേന്ന് കാലത്ത് രണ്ട് കുട്ടികളെയും വിഷം കൊടുത്തുകൊന്ന് അയാൾക്ക് കാഴ്ചവെച് തുളസി അവിടെ നിന്നിറങ്ങുന്നു. വൃന്ദാവനിലാണ് അവൾ ചെന്നെത്തുന്നത്. അനാഥരായ സ്ത്രീകൾ തലമുണ്ഡലം ചെയ്ത് ഭിക്ഷയെടുത്ത് ജീവിക്കുന്ന ധർമ്മശാലയിൽ. അവൾ അവിടെ മാധവനെ മനസ്സിലിരുത്തി മാധവനെയും കാത്ത് ജീവിക്കുന്നു. സഹപാഠിയുമായുള്ള വിവാഹ ആലോചനക്കിടയിലാണ് മീരയുടെ ഒളിച്ചോട്ടം ഇപ്പോൾ ഡൽഹിയിൽ ജീവശവും പോലെ അവൾ ജീവിക്കുന്നു. സ്ത്രീകളുടെ ഉറ്റ സുഹൃത്തായ ശ്രീ കൃഷ്ണന്റെ അടുക്കലാണ് അവൾ തന്നെ ജീവിതം അർപ്പിക്കുന്നത്. ഉടലിന്റെ വശ്യത തേടിയെത്തുന്ന ആണ് കാമത്തിന് എല്ലാ സമർപ്പിക്കുകയും അതേ സമർപ്പണബോധത്തോടെ ഉയിരും ഉടലും കൊണ്ട് ആണ് വഞ്ചനക്കെതിരെ പ്രതികാരം ചെയ്യുകയും ചെയ്യുന്ന ഒരു മീരാസാധുവിന്റെ കഥ. ഭക്തിയും,. കാമവും അതിന്റെ തീവ്രഷോഭയിൽ പ്രകാശിതമാകുന്നു ഇവിടെ. ഈ പുസ്തകം വായിച്ചപ്പോൾ തുളസി എന്നോട് സംസാരിക്കുന്നതായി എനിക്ക് തോന്നി. മീര എന്നത് സ്ത്രീനാമവും സാധു എന്നത് നിസ്സഹായത്തെയും സൂചിപ്പിക്കുന്നു. ഒരു സ്ത്രീയുടെ ജീവിതത്തിലെ ഏറ്റവും വലിയ വഴിത്തിരിവാണ് അവളുടെ വിവാഹം പക്ഷേ ആ വഴി തെറ്റി പോയ തുളസിയുടെ കഥ എന്റെ മനസ്സിലെവിടെയോ കെ ആർ മീര വരച്ചിട്ടു. ഈ പുസ്തകം ഞങ്ങൾക്ക് എഴുതിയ കെ. ആർ മീരയ്ക്ക് ഒത്തിരി നന്ദിഅറിയിക്കുന്നു.

# ആൻഡ്രിച്ച് ലുംമ്പുവിന്റെ സാഹസങ്ങൾ

**കഥ**

**കൃഷ്ണ പ്രിയ** 10 A

1980ൽ ആഗസ്റ്റിലെ ഒരു തണുപ്പുള്ള രാവിലെ ഏകദേശം 7 മണി കഴിഞ്ഞു തിരക്കുള്ള നഗര വീഥിയിലൂടെ മുഖത്തൊരു ചെറുപുഞ്ചിരിയുമായി തോന്നിക്കുന്ന ഒരാൾ മെല്ലെ നടക്കുന്നു അയാൾ ഒരു കോഫി ഷോപ്പിലേക്ക് കയറുന്നു, അവിടെ ഒരു സുന്ദരനായ വ്യക്തിയിരിക്കുന്നു ധാരാളം പുരാവസ്തു ശേഖരം ഉണ്ടായിരുന്ന പെടി ആയിരുന്നു അത് വന്ന വ്യക്തി പെടിയുമായി ഒരു സുഹൃത്ത് ബന്ധം സൃഷ്ടിക്കാൻ ശ്രമിക്കുന്നു വന്ന വ്യക്തിയുടെ പേര് andrich lumbo എന്നായിരുന്നു സമർത്ഥരിൽ സമർത്ഥനും മാന്യരിൽ മാന്യനും ആയ കള്ളനായിരുന്നുല ലുംമ്പോ. പെടിയോട് lumbo പരിചയപ്പെടുത്തുന്നത് പ്രസിദ്ധമായ മ്യൂസിയത്തിലെ മാനേജരായ ജെയിംസ് എന്ന പേരിലൂടെ ആയിരുന്നു അതിനാൽ മുൻപിൽ ഇരിക്കുന്നതാരാണ് ഇന്ന് തിരിച്ചറിയാൻ പെടിക്ക് കഴിഞ്ഞില്ല. പെഡ്രിയുടെ കൈവശമുള്ള പുരാവസ്തുക്കൾ കാണണം എന്ന് വന്ന വ്യക്തി ആവശ്യപ്പെടുന്നു. ആദ്യം വിസമ്മതിച്ചെങ്കിലും സൗഹൃദത്തിൽ ഉള്ള വാക്കുകൾ പെഡ്രിയെ സമ്മർദ്ദത്തിലാക്കുന്നു. അങ്ങനെ ഒരു സുഹൃത്ത് ബന്ധം അവർക്കിടയിൽ സൃഷ്ടിക്കപ്പെടുന്നു അവർ തമ്മിൽ വളരെ ദൃഢമായ ഒരു സുഹൃത്ത് ബന്ധം അവർക്കിടയിൽ ഉണ്ടാകുന്നു.ആരെയും വിശ്വസിക്കുന്ന സ്വഭാവക്കാരനായിരുന്നു പെഡ്രി.അതിനാൽ വന്ന വ്യക്തിയെ അയാൾ കണ്ണുമടച്ച് വിശ്വസിക്കുന്നു എന്നാൽ മനസ്സിൽ എങ്ങനെയും ഈ പുരാവസ്തുക്കളിൽ ഏറ്റവും വിലപിടപ്പുള്ള സാധനങ്ങൾ മോഷ്ടിച്ച കൊണ്ടു പോകണം എന്ന് മാത്രമായിരുന്നു. അങ്ങനെ ഒരു ദിവസം ഒത്തു വന്നു. രാത്രിയുടെ നിശബ്ദതയിൽ ഏകാന്തതയിൽ വീട്ടിലേക്ക് lumbo വരുന്നു. തനിക്ക് ആവശ്യമുള്ളതെല്ലാം എടുത്ത് അവൻ മടങ്ങുന്നു. പിറ്റേന്ന് രാവിലെ ഉറക്കം ഉണർന്നപ്പോൾ ആയിരുന്നു തന്റെ വീട്ടിൽ മോഷണം നടന്നു എന്ന് ഞെട്ടിക്കുന്ന സത്യേ അറിയുന്നത്. അവനെ വിഷമിപ്പിക്കുന്നു അവിടെ ഒരു കത്ത് കിടക്കുന്നത് പെടിയുടെ ശ്രദ്ധയിൽപ്പെടുന്നു.അതിൽഉണ്ടായിരുന്നത്ഇങ്ങനെയായിരുന്നു.

--------------------------------------------------------------------------------------------------------------------------------

പ്രിയപ്പെട്ടപെഡ്രി...

നിന്നോട് ചോദിക്കണം എന്നുണ്ടായിരുന്നു. പിന്നെ എൻറെ രീതി അങ്ങനെയല്ല. എന്നെ കണ്ണും പൂട്ടി വിശ്വസിച്ചു. അത് എൻറെ തെറ്റല്ല. മുതൽ പറഞ്ഞതെല്ലാം കള്ളമായിരുന്നു. നീ എന്നെ വിശ്വസിച്ചത് നിൻറെ മാത്രം തെറ്റ്. ആരാണ് സത്യം നിന്നോട് ഞാൻ മറച്ചുവെച്ചു. എൻറെ പേര് andrich lumbo എന്നാണ്. കുറിച്ച് കേട്ടിട്ടുണ്ട് എന്ന് തോന്നുന്നു. ഒരു കള്ളനാണ്. നിൻറെ സാധനങ്ങൾ എല്ലാം സുരക്ഷിതമാണ്. ക്ഷമിക്കണം എന്റെ കയ്യിൽ അല്ല ഉള്ളത് സുരക്ഷിതമായ ഇടങ്ങളിലാണ്. കുറിച്ച് വിഷമിക്കരുത്. ഇനിയെങ്കിലും നീ സുഹൃത്തുക്കളേ തെരഞ്ഞെടുക്കുമ്പോൾ കൂടുതൽ ശ്രദ്ധയോടെയും കരുതലോടെയും വേണം തിരഞ്ഞെടുക്കാൻ. അല്ലെങ്കിൽ അവൻ നിന്നെ തന്നെ ആയിരിക്കും ബാധിക്കുക.

സ്നേഹത്തോടെ

andrichlumbo

.(ജെയിംസ്)

--------------------------------------------------------------------------------------------------------------------------------

കത്ത് വായിച്ച പെഡറി തരിച്ചിരിക്കുന്നു. അവൻ പരാതിയുമായി dictativ ജോൺ മാർഷൽ അടുത്തേക്ക് പോകുന്നു.ജോൺ മാർഷൽ ആവട്ടെ പിടികൂടുക എന്നത് ജിവിത്തവൃതമകിയ വ്യക്തിയും. പെടി ആ കത്ത് ഡികൂറ്റീവിനെ ഏൽപ്പിക്കുന്നു. അങ്ങനെ ഡിറ്റക്ടീവ്ന് ലംബോയ്ക്കെതിരെ ഒരു പരാതി കൂടി ലഭിക്കുന്നു. അതിൻറെ പുറകെ അദ്ദേഹം ഇറങ്ങിത്തിരിക്കുന്നു lumbo തൻറെ പുതിയ ലക്ഷ്യവുമായി യാത്രതുടരുന്നു.......

*********



## കവിത

പ്രാർത്ഥന പി
9 B

# മധുരവേദന

എവിടെയോ എന്നിൽ കോരിയിടപ്പെട്ട
മധുരശബ്ദം

കേൾക്കാൻ കൊതിച്ചുപോയി ഞാൻ
കണ്ടു ഞാനാരൂപം പൂജിച്ചു

താലോലിച്ചു കുസൃതി കാട്ടി
വഴക്കുകാട്ടി  മെല്ലെയടുത്തു

 അകലനാവാത്ത വിധം
വെറുതെ മോഹിച്ചു ആ രൂപത്തെ
ഒരു അസ്തമനം കൂടി ഇതാ

നിറകണ്ണുകളോടെ സൂര്യന്റെ വിടവാങ്ങൽ പോലെ
നിന്റെ
ഈ വിടവാങ്ങൽ